# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2487** **06.12.2018-ൽ മറുപടിയ്ക്ക്**

## കിൻഫ്ര നടപ്പിലാക്കിവരുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.കൃഷ്ണൻ**<br>**ശ്രീ.വി. അബ്ദുറഹിമാൻ**<br>**ശ്രീ.പി. ഉണ്ണി**<br>**ശ്രീ.പി.ടി.എ. റഹീം** | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| **എ)** വ്യവസായ വികസനത്തിനായി കിൻഫ്ര നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | **എ)** സംസ്ഥാനത്ത് വ്യവസായനടത്തിപ്പിന് അടിസ്ഥാന സൗകര്യമൊരുക്കുക എന്നതാണ് കിൻഫ്രയുടെ പ്രഥമ കർത്തവ്യം. സംസ്ഥാനത്ത് വ്യവസായ വികസനം സാധ്യമാക്കുന്നതിന് കിൻഫ്ര ആവിഷ്കരിച്ച വരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. മെഗാഫുഡ് പാർക്ക്, പാലക്കാട്<br>2. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്<br>3. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം<br>4. കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം<br>5. ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം-രണ്ടാം ഘട്ട വികസനം<br>6. കിൻഫ്ര പാർക്ക്, കാക്കാഞ്ചേരി-രണ്ടാം ഘട്ട വികസനം<br>7. പെട്രോകെമിക്കൽ പാർക്ക്, എറണാകുളം<br>8. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി<br>9. ഫാർമാ പാർക്ക്, എറണാകുളം |
| **ബി)** കിൻഫ്ര പാലക്കാട് സ്ഥാപിക്കുന്ന വ്യവസായ പാർക്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; | **ബി)** കിൻഫ്ര പാലക്കാട് സ്ഥാപിക്കുന്ന ഡിഫൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| **സി)** പ്രതിരോധമേഖലയ്ക്കാവശ്യമായ സാമഗ്രികൾ നിർമ്മിക്കുന്നതിന് കിൻഫ്ര സ്ഥാപിക്കുന്ന ഡിഫൻസ് പാർക്കിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ; | **സി)** കിൻഫ്ര, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് സ്ഥാപിക്കുന്ന ഡിഫൻസ് പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത പാർക്കിന്റെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, ഫാക്ടറി കെട്ടിട സമുച്ചയം, റോഡുകളുടെ രണ്ടാംഘട്ട നിർമ്മാണം, ചുറ്റുമതിൽ, ഗേറ്റ് എന്നീ പ്രവർത്തികൾ പുരോഗമിച്ചു |

...2

വരുന്നു. പ്രസ്തുത പാർക്കിന്റെ വെയർഹൗസ്, കോമൺ യൂട്ടിലിറ്റി സെന്റർ, ജലവിതരണ സംവിധാനങ്ങൾ എന്നിവ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

**ഡി)** സ്വകാര്യമേഖലയിലും പൊതു-സ്വകാര്യപങ്കാളിത്തത്തോടെയും വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

**ഡി)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതും നാളിതുവരെ ഉപയോഗിക്കാത്തതുമായ സ്ഥലങ്ങളിലെ വ്യവസായ വകുപ്പും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും സംയുക്തമായി ചേർന്ന് ബഹു നില സമുച്ചയങ്ങൾ പണിത് അടിസ്ഥാന വികസനം സാധ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇങ്ങനെ വ്യവസായ വികസനം നടത്തുന്നതിനായി ചിലവ് വരുന്ന തുകയുടെ 50% സർക്കാർ വഹിക്കുന്നതായിരിക്കും.

സ്വകാര്യ മേഖലയിൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. സ്വകാര്യ വ്യവസായ പാർക്കുകളെ Kerala Single Window Clearance Board-ന്റെ പരിധിയിൽ വരുന്ന ഇൻഡസ്ട്രിയൽ ഏരിയ ആയി നോട്ടിഫൈ ചെയ്യാൻ കഴിയുന്നതാണ്.Kerala Land Reforms Act-1963-ന്റെ പരിധിയിൽ നിന്ന് ഇത്തരം സ്വകാര്യ വ്യവസായ പാർക്കുകൾക്ക് ഇളവ് ലഭിക്കുന്നതും ഇങ്ങനെയുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വൈദ്യുതി സൗകര്യം ലഭിക്കുന്നതിനായി സർക്കാർ 2 കോടി രൂപവരെ നിക്ഷേപിക്കുന്നതുമായിരിക്കും.

ഊർജ്ജവിതരണം, ഉല്പാദന ആവശ്യത്തിലേക്കുള്ള ജല ലഭ്യത, വ്യവസായ പാർക്കുകൾക്ക് അനുയോജ്യമായ റോഡുകൾ, തൊഴിൽ വൈവിധ്യ വികസന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കാനും, വസ്ത്ര നിർമ്മാണ മേഖലയിലെ വ്യവസായ സംഘടനകളുമായി സഹകരിച്ച് നൈപുണ്യ വികസന കേന്ദ്രങ്ങളും രൂപീകരിക്കാൻ വ്യവസായനയം വിഭാവനം ചെയ്യുന്നുണ്ട്.

**ഇ)** സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് നഗര പ്രദേശങ്ങളിൽ കുറഞ്ഞത് 15 ഏക്കർ ഭൂമിയും ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 25 ഏക്കർ ഭൂമിയും പരിഗണിക്കുന്നതാണ്. എന്നാൽ ഈ ആവശ്യത്തിന് അക്വയർ ചെയ്ത ഭൂമി വ്യവസായികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ല എന്ന മാനദണ്ഡം വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 250 ഏക്കറിൽ കൂടുതൽ ഉള്ള ഭൂമിയുടെ 10 ശതമാനം സ്കൂളുകൾ, ആശുപത്രി, അപ്പാർട്ട്മെന്റ് കോംപ്ലക്സ് തുടങ്ങിയവക്കായി ഉപയോഗിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**